## പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ (രൂപകല്പനയും ഭരണവും, തിരുവനന്തപുരം) നടപടിക്രമം

(പുറപ്പെടുവിയ്ക്കുന്നത് - ശ്രീ.കെ.സുന്ദരൻ)

വിഷയം- പൊ.മ.വ - ജീവനക്കാര്യം- ശ്രീ. ആർ.വിശ്വനാഥൻ, യു.ഡി.ക്ളർക്കിന്റെ എൽ.ഡി ക്ലാർക്ക് തസ്തികയിലെ റാങ്ക് പുനർനിർണ്ണയം ചെയ്തു നൽകിയതിലെ അപാകത തിരുത്തി ഉത്തരവു പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന- 1. പൊ.മ.വ - റോഡ്സ് ഡിവിഷൻ ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 27/12/12 തീയതി യിലെ നം. എ.ബി 9- 2559/08 നമ്പർ കത്ത്.
2. ഈ ഓഫീസ് ഉത്തരവ് നമ്പർ എസ്സ്.സി.2/56383/99 തീയതി 31/12/2004 (ഓപ്റ്റഡ് പി.ഡബ്ള്യൂ.ഡി സിനിയോറിട്ടിലിസ്റ്റ് as on 01/04/1990)
3. ഈ ഓഫീസ് ഉത്തരവ് നമ്പർ എസ്സ്.സി.2/4934/ SplCell തീയതി 23/10/2000 Common Seniority list from 1-11-85 to 31.3 1990)
4. 8.2.08 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
5. 04-04-2013 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ നോട്ടീസ്.

### ഉത്തരവ് നമ്പർ എസ്സ്.സി.2/1407/08 തീയതി 25/04/2013

സൂചന (1) ലെ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന ശ്രീ. ആർ വിശ്വനാഥൻ, യു.ഡി. ക്ളർക്കി ന്റെ അപേക്ഷയിൽ ടിയാന്റെ എൽ.ഡി ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി സൂചന (2) ലെ സീനിയോറിറ്റി ലിസ്റ്റിൽ 450(എ) എന്ന് തെറ്റായി നിർണ്ണയിച്ചു നൽകിയത് തിരുത്തി നൽകുന്നതിനായി അപേക്ഷിച്ചിരുന്നു.

അതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ പി.എസ്സ്.സി അഡ്വൈസ് മെമ്മോ, നിയമന ഉത്തരവ് എന്നിവയുടെ പകർപ്പ്, സൂചന (3) പ്രകാരമുള്ള എൽ.ഡി.ക്ളർക്കുമാരുടെ കോമൺ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന്റെ സ്ഥാനം (റാങ്ക് നമ്പർ-87') എന്നിവ പരിശോധിച്ചതിൽ നിന്നും ടിയാൾക്ക് യഥാർത്ഥ ത്തിൽ ഓപ്റ്റഡ് പി.ഡബള്യൂ.ഡി സീനിയോറിറ്റി ലിസ്റ്റിൽ '436(എ)' ആയിട്ടായിരുന്നു സ്ഥാനം നൽകേണ്ടി യിരുന്നത് എന്ന് കാണുന്നു.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ ആർ.വിശ്വനാഥന് സൂചന (4) പ്രകാരമുള്ള ഓപ്റ്റഡ് പി.ഡബള്യൂ.ഡി സീനിയോറിറ്റി ലിസ്റ്റിൽ '450എ' ആയി തെറ്റായി നിർണ്ണയിച്ചു നൽകിയ സ്ഥാനം റദ്ദാക്കി '436 എ' ആയി പുനർനിർണ്ണയിച്ചു നൽകാൻ തീരുമാനിക്കുകയും , അതിൻപ്രകാരം ടി തീരു മാനത്തിൽ എന്തെങ്കിലും ആക്ഷേപമോ പരാതിയോ ഉള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അവരുടെ പരാതികൾ സമർപ്പിക്കുന്നതിനായി സൂചന (5) മുഖേന അറിയിപ്പു നൽകുകയും ചെയ്തിരുന്നു.

..2)

എന്നാൽ നിഷ്കർഷിച്ചിരുന്ന സമയപരിധി അവസാനിക്കുകയും, നാളിതുവരെ യാതൊരു പരാതിയും ലഭിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ശ്രീ.ആർ.വിശ്വനാഥന് സൂചന (4) പ്രകാരമുള്ള എൽ.ഡി.ക്ളർക്കുമാരുടെ ഓപ്റ്റഡ് പി.ഡബ്ല്യൂ.ഡി സീനിയോറിറ്റി ലിസ്റ്റിൽ '450(എ)' എന്ന് തെറ്റായി നിർണ്ണയിച്ചു നൽകിയിരുന്ന സ്ഥാനം റദ്ദാക്കി '436എ' ആയി പുനർനിർണ്ണയിച്ചു നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
ചീഫ് എൻജിനീയർ
(രൂപകല്പനയും ഭരണവും)

To

വ്യക്തിക്ക്

പകർപ്പ്
ഐ.റ്റി. സെൽ പ്രസിദ്ധീകരണത്തിന്/ഇഡി1 സെക്ഷൻ/ ഇഡി2 സെക്ഷൻ/ Review Committee/ സ്റ്റോക്ക്/ സ്പെയർ

ഉത്തരവിൻ പ്രകാരം

ഭരണസഹായി (പി.എഫ്)